www.malankaralibrary.com

# മാതാ, പിതാ, ഗുരു, സത്യം

Dr. K.M. Francis
Secretary, Laity Commission, KCBC

മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ്. മനുഷ്യന്റെ ബോധപൂർവ്വകമായ (Conscious) പ്രവർത്തിയിലൂടെയാണ്, അവന്റെയും, സമൂഹത്തിന്റെയും സന്തോഷം പരമാവധിയാകുന്നത്. ഇക്കാര്യത്തിൽ മനുഷ്യൻ മൃഗങ്ങളിൽ നിന്ന് വളരെ വ്യത്യസ്ഥനാണ്. മൃഗങ്ങൾ നൈസർഗിക ചോദനയനുസരിച്ച് (natural instinct) പ്രവർത്തിക്കുമ്പോൾ മനുഷ്യൻ ബോധപൂർവ്വം (consciously) പ്രവർത്തിക്കുന്നു. മൃഗത്തിന് വിശന്നാൽ ഇരയെ വധിച്ച് ഭക്ഷിക്കും. ഇവിടെ ചോദനയ്ക്കും പ്രവർത്തിക്കുമിടയിൽ ചിന്തയില്ല. ചോദനയും പ്രവർത്തിയ്ക്കുമിടയിൽ ചിന്തയില്ലെങ്കിൽ മധ്യസ്ഥമില്ലാത്ത പ്രവർത്തിയാണ് (immediet act) ചോദനയ്ക്കും പ്രവർത്തിയ്ക്കുമിടയിൽ ചിന്തയുണ്ടെങ്കിൽ അതിനെ മധ്യസ്ഥ പ്രവർത്തി (mediate act) എന്നും വിളിക്കുന്നു. സാംസ്കാരികം എന്നത് നൈസർഗികമായവയെ പരിശീലനം കൊണ്ട് വളർത്തി വലുതാക്കുന്നതാണ്. നൈസർഗികമായതിനെ വളർത്തുന്നതാണ് സാംസ്കാരികം.

ചിന്തയിലൂടെ മനുഷ്യൻ ലോക യാഥാർത്ഥ്യങ്ങളുടെ അകം പൊരുൾ തേടുന്നു, കണ്ടെത്തുന്നു. അത്തരം കണ്ടെത്തലുകൾ ഉപയോഗിച്ച് സാമൂഹിക ജീവിതാവസ്ഥകളേയും, ഭൗതീക ജീവിതാവസ്ഥകളേയും രൂപാന്തരപ്പെടുത്തി മനുഷ്യവർഗ്ഗത്തിന്റെ നന്മയ്ക്കുപയോഗിക്കുന്നു. യാഥാർത്ഥ്യങ്ങളുടെ ആന്തരികതയിലെ അകംപൊരുളിനെക്കുറിച്ച് മനുഷ്യൻ കണ്ടെത്തിയ വിവരങ്ങൾ (information) ഓർമ്മയിൽ സൂക്ഷിക്കുന്നു. മനുഷ്യന്റെ അിറവും യാഥാർത്ഥ്യത്തിന്റെ ആന്തരികതയും ഏകമാക്കുന്നതിനെ സത്യം എന്ന് വിളിക്കുന്നു. സത്യാന്വേഷണ പ്രക്രിയയിൽ യാഥാർത്ഥ്യങ്ങളെ കുറിച്ചുള്ള വിവരം അപൂർണ്ണമാണെങ്കിലും, അവയെ മനുഷ്യവർഗ്ഗത്തിന്റെ നന്മയ്ക്ക് ഉപയോഗിക്കാൻ കഴിയും. അത്തരം വിവരമാണ് അറിവ്. മറ്റൊരു വിധത്തിൽ മനുഷ്യവർഗ്ഗത്തിന്റെ പൊതുനന്മയെ (common good) വർദ്ധിപ്പിക്കാൻ ഉതകുന്ന ഏതൊരു വിവരവും (information) അറിവാണ് (knowledge). ഇത്തരം അിറവുകൾ ഗ്രന്ഥത്തിൽ സൂക്ഷിക്കുമ്പോൾ അറിവുകൾ തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. ഇതിനായി മനുഷ്യൻ കണ്ടുപിടിച്ച മാർഗ്ഗമാണ് എഴുത്തുഭാഷ. എഴുത്തുഭാഷ നൈസർഗ്ഗികമല്ല, സാംസ്കാരികമാണ്. അതിനാൽ എഴുത്തിന് പരിശീലനം വേണം. പുസ്തകം സഞ്ചിത ജ്ഞാനത്തിന്റെ ശേഖരമാണ്.

ഇത്തരം അറിവ് മനുഷ്യന്റെ അദ്ധ്യാനഫലമാണ്. അതിനാൽ അറിവ് മനുഷ്യന്റെ സൃഷ്ടിയാണ്. അറിവിന്റെ സൃഷ്ടി ഓരോ മനുഷ്യന്റെയും കടമയാണ്. ഈ കടമ സ്വയം നിർവ്വഹിക്കുന്ന കഴിവിൽ ഒരുവൻ എത്തിചേരുന്നത് മറ്റു പല ഘടകങ്ങളുടേയും സഹായത്തോടുകൂടിയാണ്. ഇക്കാര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട പങ്കുവഹിക്കുന്നത് അദ്ധ്യാപകരാണ്. എന്നാൽ മാതാവും പിതാവും നിർമ്മിക്കുന്ന അടിത്തറയിൽ മാത്രമേ അദ്ധ്യാപകർക്ക് വിദ്യ പകർന്നുകൊടുക്കാൻ കഴിയുന്നത്.

www.malankaralibrary.com

## അറിവിന്റെ വളർച്ചയും ഭാഷയും

മനുഷ്യ ശിശു വിത്തിന് സമാനമാണ്. ഒരു നാളികേരത്തിൽ തെങ്ങ് മുഴുവ നായും ഒളിഞ്ഞിരിക്കുന്നതുപോലെ മനുഷ്യ ശിശുവിൽ വളർത്താൻ ബാക്കിയുള്ള അനന്ത സാധ്യതകൾ ഒളിഞ്ഞിരിക്കുന്നു. നൈസർഗ്ഗികമായ ഇത്തരം കഴിവുകളെ വളർത്തി വലുതാക്കുന്ന സംവിധാനങ്ങളുടെ ആകെ തുകയാണ് സംസ്കാരം. സാംസ്കാരിക പ്രവർത്തി ആരംഭിക്കുന്നത് ഇണചേരലിലാണ്. ഇണചേരലിലൂടെ സൃഷ്ടിക്കപ്പെടുന്നത് വിത്താണ്. ഈ വിത്ത് ആദ്യം രൂപം കൊള്ളുന്നത് അമ്മയുടെ ഗർഭപാത്രത്തിലാണ്. കുഞ്ഞിന്റെ വളർച്ചയിൽ മൂന്ന് മാസമാകുമ്പോഴേക്കും ഓർമ്മക ളുടെ കലവറയായ സെല്ലുകൾ രൂപം കൊള്ളും. അമ്മയുടെ ഹൃദയമിടിപ്പിന്റെ താളം അനുഭവിച്ച് സുരക്ഷിതമായി (ഭയംകൂടാതെ) ജീവിക്കുവാൻ സാധിക്കുന്ന (Possible) ഇടമാണ് ഗർഭപാത്രം.

ജനിച്ചുവീഴുന്ന കുഞ്ഞിനെ അമ്മ അംഗീകരിക്കുകയും, താലോലിക്കുകയും, മുലപ്പാൽ നൽകുകയും ചെയ്യുമ്പോൾ അമ്മ ഒരു സുരക്ഷിത സ്ഥാനമാണെന്ന അറി വിൽ കുഞ്ഞ് വളരുന്നു. അമ്മയുടെ താരാട്ടുപാട്ട് നൽകുന്ന താളം, ക്രമം, സംഗീതം മുതലായവ കുഞ്ഞിനെ ആനന്ദിപ്പിക്കുന്നു.

ജനിച്ച കുഞ്ഞ് സ്പർശനം, കാഴ്ച, രുചി, മണം, കേൾവി എന്നിവയിലൂടെ പല വിവരങ്ങളും രസത്തോടെ (taste) സ്വന്തമാക്കുന്നു. ഇവയിൽ ഏറ്റവും ഉന്നത സ്ഥാനീയമായത് ശ്രദ്ധയോടെയുള്ള കേൾവിയാണ്. കേൾവിയിലൂടെ ചിന്തിക്കാനും സംസാരിക്കാനും ശിശു സ്വയം പഠിക്കുന്നു. കുഞ്ഞിന് കേൾവിയിലൂടെയാണ് ഭാഷ സ്വായത്തമാക്കുന്നത്. ഭാഷയിലൂടെ സംസ്കാരം സന്നിവേശിക്കപ്പെടുകയും ഉൾക്കൊള്ളുകയും ചെയ്യുന്നു. ചിന്തയിലൂടെ സംസ്കാരത്തെ തന്നെ സംസ്ക്കരിക്കു ന്നു.

ചിന്ത വളരണമെങ്കിൽ ഭാഷ ആവശ്യമാണ്. ഭാഷ തകർന്നുപോയാൽ കുടും ബവും സമൂഹവും തകരുന്നു. ''നിങ്ങൾ എന്താണ് പറയുന്നതെന്ന് എനിക്ക് മനസ്സി ലാകുന്നില്ല'' എന്നതാണ് സാംസ്കാരിക തകർച്ചയുടെ വേര്. ബാബേൽ ഗോപുരമെ ന്നത് ഭാഷയുടെ തകർച്ചയാണ്. അതുകൊണ്ട് ഒരു സമൂഹത്തെയും, സംസ്കാര ത്തേയും തകർക്കാൻ അവിടുത്തെ ഭാഷ വ്യവസ്ഥയെ തകർത്താൽ മതി. മാതൃഭാഷ യിലാണ് ഒരുവന് കേൾക്കാനും, സംസാരിക്കാനും, വായിക്കാനും, എഴുതാനും ഏറ്റവും കൂടുതൽ രസവും അനായാസവും തോന്നുന്നത്. അതിനാൽ തത്വചിന്ത അഥവാ മൗലീക ചിന്ത രൂപം കൊള്ളുക മാതൃഭാഷയിലാണ്. മാതൃഭാഷയെ വളർത്തിയാൽ മാത്രമെ സമൂഹത്തിലെ വ്യക്തികൾക്ക് മൗലികമായ സംഭാവനകൾ നൽകാൻ കഴിയുക.

www.malankaralibrary.com

ഭാഷാ വ്യവസ്ഥിതി നാല് ഘട്ടങ്ങളിലൂടെയാണ് വളരുക (a) കേൾവി (b) സംസാരം (c) വായന (d) എഴുത്ത്. ഇവയിൽ കേൾവി സംസാരം എന്നീ ഘട്ടത്തിൽ നിന്ന് വായന എഴുത്ത് എന്നിവയിലേക്കുള്ള വളർച്ചയുടെ പാലമാണ് ലിപിയും, വ്യാകരണവും, നിഘണ്ടുവും, ഗ്രന്ഥവും. ഈ പാലം ഉപയോഗിക്കാതെ ഒരു ശിശുവിന് കേൾവി സംസാരം എന്നിവയിൽ നിന്ന് വായന എഴുത്ത് എന്നീ ഘട്ടങ്ങളിലേക്ക് പ്രവേശിക്കാൻ സാധിക്കില്ല.

## കുടുംബം എന്ന വിദ്യാലയം

ഒരു ആദിവാസി സമൂഹത്തിലെ ശിശുവായാലും ഉന്നതകുല ജാതന്റെ ശിശുവായാലും അവൻ അനന്തസാധ്യതകൾ നിറഞ്ഞ വിത്താണ്. ആ വിത്തിന്റെ അകത്തെ കഴിവുകൾ വളർത്താൻ ആ ശിശുവിനെ സഹായിക്കുന്ന പ്രവർത്തികളാണ് സാംസ്കാരിക പ്രവർത്തി. ഈ പ്രവർത്തിയുടെ കേന്ദ്രം ഭാഷയുടെ രൂപീകരണമാണ്. അതുകൊണ്ട് വിദ്യാഭ്യാസത്തിന്റെ പ്രാഥമിക കേന്ദ്രം ഭാഷാഭ്യാസമാകുന്നത്. ഭാഷാ രൂപീകരണത്തിന്റെ സാധ്യതകൾ നഷ്ടപ്പെടുമ്പോൾ മനുഷ്യന്റെ ബുദ്ധിപരമായ വളർച്ച പരമമിതപ്പെടുന്നു. ഈ പരിമിതികളാണ് മനുഷ്യസമൂഹത്തിലെ ചില വിഭാഗങ്ങൾ പിൻതള്ളപ്പെടാനുള്ള ഒരു കാരണം.

ഭാഷാ വ്യവസ്ഥിതിയുടെ വളർച്ചയുടെ നിർണ്ണായ ഘടകം അമ്മയുടെ ഗർഭപാത്രം മുതൽ 5 വയസ്സുവരെയാണെന്ന് നിരീക്ഷിക്കാവുന്നതാണ്. ഈ പ്രക്രിയയിൽ സ്വയം വളരാനുള്ള ശിശുവിന്റെ പരിശ്രമങ്ങൾ 6 മാസം മുതൽ കാണാവുന്നതാണ്. 6 മാസമായ കുഞ്ഞിനോട് അമ്മ ആംഗ്യഭാവത്തിൽ ''ഇവിടെ വരൂ'' എന്ന് സൂചിപ്പിച്ചാൽ കുഞ്ഞ് അതേ ആംഗ്യം തിരിച്ചു കാണിക്കും. 6 മാസം മുതൽ 3 വയസ്സു വരെ മാതാപിതാക്കൾ ചെയ്യുന്നതും പറയുന്നതും അനുകരിച്ചാണ് ശിശു തന്റെ പ്രവർത്തികളും, വാക്കുകളും ഉച്ചാരണവും സംസാരവും രൂപപ്പെടുത്തുന്നത്.

ഈ പ്രക്രിയയിൽ മാതാപിതാക്കളുടെ സാംസ്കാരിക വളർച്ച കുഞ്ഞിന്റെ സ്വയം വളരുന്ന പ്രക്രിയയിൽ സഹായകമാണ്. ഒരു കാട്ടിൽ താമസിക്കുന്ന ആദിവാസിയുടെ കുഞ്ഞും, പട്ടണത്തിൽ താമസിക്കുന്ന വിദ്യാസമ്പന്നരുടെ കുഞ്ഞും ഒരേ ഗുണമുള്ള വിത്തു തന്നെയാണ്. എന്നാൽ കാട്ടിൽ താമസിക്കുന്ന പ്രാഥമിക വിദ്യാഭ്യാസമില്ലാത്ത മാതാപിതാക്കൾ ഉപയോഗിക്കുന്ന പദസമ്പത്ത് പരമിതമായിരിക്കും. മാത്രമല്ല ഔപചാരിക ഭാഷാവ്യവസ്ഥയിൽ നിന്ന് ഉച്ചാരണം വളരെ വ്യത്യസ്തമായിരിക്കും. ഉദാഹരണമായി പണിയന്മാർ തല എന്ന് ഉച്ചരിക്കുന്നതിനു പകരം തില എന്ന് ഉച്ചരിക്കുന്നു. ഈ കുട്ടിക്ക് ഔപചാരിക വിദ്യാഭ്യാസ ഭാഷ വ്യവസ്ഥയിലേക്കുള്ള പ്രവേശനം കഠിനമാകുന്നു. ഔദ്യോഗിക ഭാഷയിൽ തല എന്നു പറയുമ്പോൾ തില എന്ന് കേട്ട് പഠിച്ച കുട്ടി വൈരുധ്യത്തിലാകുന്നു. വിദ്യാഭ്യാസമുള്ള മാതാപിതാക്കളുടെ മക്കളുടെ പദസമ്പത്ത് 5 വയസ്സാകുമ്പോഴേക്കും വിദ്യാഭ്യാസമില്ലാത്ത മാതാപിതാക്കളുടെ മക്കളേക്കാൾ വളരെ കൂടുതലായിരിക്കും. അതുകൊണ്ട്

www.malankaralibrary.com

ഒപചാരിക വിദ്യാഭ്യാസത്തിലേക്ക് പ്രവേശിക്കുമ്പോൾ വിദ്യാഭ്യാസമുള്ള മാതാപിതാക്കളുടെ മക്കൾ കൂടുതൽ വേഗത്തിൽ കേൾക്കുന്നതിന്റെ അർത്ഥം ഗ്രഹിക്കുകയും വായനയിലേക്കും സ്വയം മനസ്സിലാക്കുന്നതിലേക്കും അനായാസം പ്രവേശിക്കുകയും ചെയ്യാനുള്ള സാധ്യത നിലനിൽക്കുന്നു. മൂന്ന് വയസ്സാകുമ്പോഴേക്കും വ്യത്യസ്ഥ കുട്ടികളിൽ കേൾവിയിലൂടെയും സംസാരത്തിലൂടെയും സ്വയം പഠിക്കുന്ന പദസമ്പത്തിന്റെ (diction) വ്യത്യാസം അവരുടെ മരണം വരെയുള്ള ജ്ഞാന നിർമ്മിതിയുടെ കഴിവിൽ വ്യത്യാസം വരുത്തുന്നു.

## കേൾവിയും ചിന്തയും

കാഴ്ച, രുചി, സ്പർശനം എന്നിവയിൽ നിന്ന് കേൾവിയിലേക്കുള്ള യാത്ര ശിശുവിന് വളരെ നിർണ്ണായകമാണ്. സംഗിതം, താരാട്ടുപാട്ടുകൾ, മുത്തശ്ശികഥകൾ മുതലായവയിലൂടെ കുട്ടികൾ രസമുള്ളവ കേൾക്കുമ്പോൾ അവർ ഒന്നും കാണുന്നില്ല. അതിനാൽ കേൾക്കുമ്പോൾ അതിനെക്കുറിച്ച് മനസ്സിൽ ചിത്രങ്ങൾ മെനയുന്നു. ഇതിലൂടെയാണ് കുട്ടിയുടെ ഭാവന വളരുന്നത്. ഒരു ഫുട്ബോൾ കമന്ററി റേഡിയോയിൽ കേൾക്കുമ്പോൾ മൈതാനം മുഴുവൻ ഭാവനയിൽ സൃഷ്ടിച്ചുകൊണ്ടാണ് ഒരുവൻ കളി ആസ്വദിക്കുന്നത്. എന്നാൽ ടി.വി. വരുന്നതോടെ കേൾവിയേക്കാൾ പ്രാധാന്യം കാഴ്ചക്ക് നൽകുകയും മനുഷ്യന്റെ ഭാവനയുടെ വ്യാപ്തി നഷ്ടപ്പെടുകയും ചെയ്യുന്നു. സംഗീതം ശിശുക്കൾക്ക് വളരെ വേഗത്തിൽ ഉൾക്കൊള്ളാൻ കഴിയുന്നു. അതിനാൽ തന്നെ കുട്ടിക്കാലത്ത് ശാസ്ത്രീയ സംഗീതം അഭ്യസിക്കുന്ന കുട്ടികളുടെ പദ സമ്പത്ത് (diction) വർദ്ധിക്കുന്നു.

ഇക്കാര്യം ശാസ്ത്രീയമായി ശരിയാണെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ് പല രാജ്യങ്ങളിലും ശിശുബോധന രീതിയിൽ നഴ്സറി പാട്ടുകളും, കഥകളും ഉപയോഗിക്കുന്നത്. നല്ല കേൾവിക്കാരനാകുക എന്നതാണ് നല്ല പഠിതാവിന്റെ ആദ്യ ലക്ഷണം.

ബോധനത്തിന്റെ രണ്ടാം ഘട്ടം സംസാരശേഷിയുടെ വളർച്ചയാണ്. കേൾക്കുന്നത് അതേപടി ശിശുക്കൾ ആവർത്തിക്കുന്നു. കേൾക്കുന്നതിനും പറയുന്നതിനുമിടിയിൽ ചിന്ത വളരുന്നതിനാണ് കഥകൾ കേൾപ്പിക്കുന്നത്. കഥകൾക്ക് ഒരു ഘടനയുണ്ട്. ആരംഭം, മധ്യം, അവസാനം. കഥ എന്നാൽ അർത്ഥം എന്നാണർത്ഥം. അർത്ഥം എന്നാൽ എന്താണ്? ഒരു വാക്കോ പാഠമോ മനുഷ്യനിൽ അവശേഷിക്കുന്ന ദീർഘകാലം നിലനിൽക്കുന്ന ഓർമ്മയാണ് അർത്ഥം (long term memory) കഥയുടെ ഘടനയാണ് യുക്തിചിന്തയുടെ ഘടന. ഈ ഘടന വികസിച്ചതാണ് ഗവേഷണ പ്രബന്ധങ്ങൾ.

## സംസാരത്തിൽ നിന്ന് വായനയിലേക്ക്

അറിവിന്റെ വളർച്ചയുടെ മൂന്നാംഘട്ടം വായനയാണ്. വായിക്കണമെങ്കിൽ ലിപി, വാക്കുകൾ, വാചക ഘടന, പര്യായം, നാനാർത്ഥം, വിപരീതം എന്നിവ അറിയ

www.malankaralibrary.com

ണം. അതുകൊണ്ട് ലിപി പഠനം വായനയുടെ അടിസ്ഥാന ഘടകമാണ്. വായിക്കാൻ അറിയാത്തവർ അറിവുള്ളവന്റെ അടിമയാകും. എന്നാൽ വായിക്കാൻ അറിവുള്ളവന് സ്വയം ഗ്രന്ഥങ്ങൾ വായിച്ച് അറിവുനേടാൻ കഴിയുന്നു. സ്വയം അറിവുനേടുന്നവ നാണ് ഉന്നതവിദ്യാഭ്യാസത്തിലേക്ക് പ്രവേശിക്കാൻ കഴിയുന്നത്. സ്കൂൾ വിദ്യാ ഭ്യാസം സ്വയം പഠിക്കാൻ കഴിയുന്ന രീതിയിലേക്ക് ഒരുവനെ പരിശീലിപ്പിക്കുന്ന താണ്. എന്നാൽ ഉന്നതവിദ്യാഭ്യാസം സ്വയം പഠിക്കലാണ്. എന്നാൽ സ്കൂൾ തല ത്തിൽ തന്നെ സ്വയം വായിച്ച് അർത്ഥം ഗ്രഹിക്കാൻ കഴിയാത്തവന് എങ്ങിനെ ഉന്ന തവിദ്യാഭ്യാസം നേടാൻ കഴിയും?

വാക്കുകൾ, അവയുടെ അർത്ഥം, നാനാർത്ഥം, വിപരീതം, പര്യായം എന്നിവ ആവർത്തിച്ചെഴുതി ഓർമ്മയിലെ നിഘണ്ടു വലുതാക്കുന്നതിനനുസരിച്ച് ഗ്രന്ഥവാ യന പഠിതാവിന് അനായാസമാകുന്നു. ചില വിദ്യാർത്ഥികൾക്ക് ഇത് ബുദ്ധിമുട്ടേറിയ താണ്. അവരെ പഠിപ്പിക്കാനുള്ള പുതിയ തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിനുപകരം എല്ലാ പഠിതാക്കൾക്കും ലിപി പഠനവും ഭാഷാ പരിശീലനവും ഇല്ലാതാക്കാൻ ശ്രമി ക്കുന്നത് സമൂഹത്തിന്റെ ജ്ഞാന വളർച്ചയെ ഇല്ലാതാക്കുന്നതിന് തുല്യമാണ്. 10 വയസ്സാകുമ്പോഴേക്കും മാതൃഭാഷയിൽ ലളിതമായ പാഠങ്ങൾ വായിച്ചുമനസ്സിലാക്കാ നുള്ള ആന്തരിക കഴിവ് മനുഷ്യനുണ്ട്. ഈ കഴിവിനെ ഉദ്ദീപിപ്പിക്കുന്ന പ്രക്രിയയിരി ക്കണം പ്രാഥമിക വിദ്യാഭ്യാസം. ബാലകവിതകൾ ആവർത്തിച്ചുറപ്പിച്ച പഠിതാവിന് അതിലെ വാക്കുകൾ എഴുതുകയെന്നത് എളുപ്പമായിരിക്കും. അതുകൊണ്ടായിരി ക്കണം പ്ലാറ്റോയുടെ കാലം മുതൽ ശൈശവ വിദ്യാഭ്യാസ പ്രക്രിയയിൽ പിള്ളപാട്ടു കൾ (nursery rhymes) ഉൾചേർത്തത്.

## എഴുത്തിന്റെ ലോകം

കേൾവി, സംസാരം എന്നിവയിൽ നിന്ന് വായിച്ച് അർത്ഥം മനസ്സിലാക്കുന്ന ഘട്ടത്തിലേക്ക് പ്രവേശിക്കാൻ ലിപി, വാക്ക്, വാചക ഘടന എന്നിവയുടെ പ്രാധാന്യം നാം കണ്ടു. വീടുകളിൽ ഉപയോഗിക്കുന്ന ഭാഷയിൽ നിന്ന് പൊതുസമൂ ഹവും, അക്കാദമിക ലോകവും ഉപയോഗിക്കുന്ന ഭാഷയിലേക്ക് പ്രവേശിക്കാൻ കഴി യുന്നവർക്ക് മാത്രമാണ് സമൂഹത്തിന്റെ അധികാര ശ്രേണിയിലേക്ക് പ്രവേശിക്കാൻ കഴിയുക. തെക്കെ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും ബുദ്ധിയുള്ളത് മലയാളി കൾക്കാണെന്ന് നാം വ്യഥാ അഭിമാനിക്കുന്നു. എന്നാൽ നമ്മുടെ മക്കളെല്ലാം ജോലി ചെയ്യുന്നത് കർണ്ണാടക, തമിഴ്നാട്, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിൽ അവരുടെ കീഴ് ജീവനക്കാരായാണ്. കേരളത്തെ താരതമ്യം ചെയ്യുമ്പോൾ ശാസ്ത്രീയ സംഗീത ത്തിനും, ചിത്രകലക്കും ആന്ധ്ര, തമിഴ്നാട്, കർണ്ണാടകയിൽ കൂടുതൽ പ്രാധാന്യമു ള്ളതായി കാണാം. ശാസ്ത്രീയസംഗീതം, ലളിത സംഗീതം, ചിത്രകല മുതലായവ പരിശീലിപ്പിക്കപ്പെടുമ്പോൾ ഭാഷാ വ്യവസ്ഥിതി ശക്തിപ്പെടുകയും ചെയ്യുന്നതായി നിരീക്ഷിക്കാം. ലിപിയെഴുതുകയെന്നത് ചിത്രരചനയാണ്. സംഗീതം ശ്രവിച്ച് താള ബോധം ആന്തരികതയിൽ വളർത്തിയെടുമ്പോൾ അത് ഭാഷാഘടനയെ രൂപപ്പെടു

www.malankaralibrary.com

ത്തുന്നതിൽ സ്വാധീനം ചെലുത്തുന്നുണ്ടോ എന്ന് കൂടുതൽ പഠിക്കേണ്ട മേഖലയാണ്. എങ്കിലും പിള്ളപാട്ടുകൾ പഠിക്കുക എന്നത് ഗദ്യം (prase) പഠിക്കുക എന്നതിനേക്കാൾ എളുപ്പമാണെന്നത് പരീക്ഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. അങ്ങിനെ പദ്യം കാണാതെ പഠിക്കുന്ന കുട്ടികൾക്ക് വാക്കുകളുടെ കലവറ ആന്തരികതയിൽ സൃഷ്ടിക്കപ്പെടുമ്പോൾ വായന മാത്രമല്ല ഗദ്യമെഴുത്തിനും കഴിവ് പരിശീലനത്തിലൂടെ സിദ്ധിക്കുന്നു. രചന (composition) പരിശീലിപ്പിക്കണമോ? അടിസ്ഥാന വ്യാകരണമറിയാതെ ഒരുവന് രചനയ്ക്ക് സാധ്യമാണോ? വായനയും എഴുത്തും പരിശീലനം കൂടാതെ സ്വാഭാവികമായി വളരുമോ? ഇത്തരത്തിൽ കുട്ടിയെ പരിശീലിപ്പിച്ചാൽ കുട്ടികളുടെ സമഗ്രവികസനം തടയപ്പെടുമോ?

വായനയും എഴുത്തും സ്വാഭവികമായി വളരില്ലെന്നും, അവ പരിശീലിപ്പിച്ചാൽ മാത്രമെ വളരുകയുള്ളൂവെന്നും തിരിച്ചറിയണം. പരിശീലനം നൽകുമ്പോൾ ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് കൂടുതൽ സഹായം നൽകുന്നതിനു പകരം ചിലർക്ക് ബുദ്ധിമുട്ടാണെന്ന പേരിൽ എല്ലാവരും എഴുത്തിന്റെ പരിശീലനം നിഷേധിക്കുന്നത് മനുഷ്യാവകാശ ലംഘനമാണ്. മറ്റൊരു വിധത്തിൽ ഭാഷാ സമഗ്രതാ സിദ്ധാന്തമെന്ന പേരിൽ കഴിഞ്ഞ 20 വർഷമായി ലിപി പഠനം, വ്യാകരണ പഠനം, രചനാ പഠനം എന്നിവയെ സ്കൂൾ കരിക്കുലത്തിൽ നിന്ന് ഒഴിവാക്കിയത് മനുഷ്യാവകാശ ലംഘനവും, ജ്ഞാന വളർച്ചയുടെ ശ്രേണിയുടെ തകർക്കലും, അതുവഴിയായി കേരള സമൂഹത്തിന്റെ തന്നെ ശിഥിലീകരണവുമാണ്.

## മാതാപിതാക്കളും മക്കളും

മനുഷ്യൻ എന്ന യാഥാർത്ഥ്യം സമൂഹജീവിയായി മാറുന്നത് അമ്മയുടെ ഗർഭപാത്രത്തിൽ രൂപം കൊള്ളുമ്പോഴാണ്. അമ്മയും കുഞ്ഞും ഗർഭപാത്രത്തിൽ ഏക യാഥാർത്ഥ്യമാണ് മാതാവ്. എന്നാൽ അനുഭവത്തിന് പുറത്തുള്ള യാഥാർത്ഥ്യമാണ് പിതാവ്. ശിശു പിതാവിനെ അിറയുന്നത് അമ്മ ചൂണ്ടിക്കാണിച്ചിട്ടാണ്.

മാതാവും പിതാവുമായുള്ള ബന്ധത്തിലൂടെയാണ് ഒരു ശിശുവിന്റെ വ്യക്തിത്വം വളരുന്നത്. ഞാൻ ആരാണെന്ന് ഒരു മനുഷ്യന് സ്വയം അറിയാനുള്ള കണ്ണാടി അപരനാണ്. അപരന് എന്നോടുള്ള പെരുമാറ്റമാണ് ഞാൻ എന്റെ പെരുമാറ്റമായി രൂപപ്പെടുത്തുന്നത്. കുഞ്ഞ് അനുകരിച്ചാണ് സ്വന്തം വ്യക്തിത്വം കണ്ടെത്തുന്നതെന്ന് നാം നേരത്തെ മനസ്സിലാക്കിയല്ലോ. അമ്മ കുഞ്ഞിനെ സ്നേഹിക്കുമ്പോൾ കുഞ്ഞ് അമ്മയെ സ്നേഹിക്കുന്നു. അവർ തമ്മിൽ ബന്ധം (relationship) സൃഷ്ടിക്കപ്പെടുന്നു. അമ്മ എന്നെ സ്നേഹിക്കുന്നുവെന്ന് കുഞ്ഞിന് ഉറപ്പുണ്ടെങ്കിൽ അമ്മ നൽകുന്ന പരിശീലനം കുഞ്ഞ് അനായാസം സ്വന്തമാക്കുന്നു. സ്നേഹിക്കുന്നവരുടെ ശിക്ഷണം വേദനാജനകമല്ല. അതുകൊണ്ട് മാതൃഭാഷാ പഠനം ആരംഭിക്കുന്നത് അമ്മയിൽ നിന്നാണെങ്കിൽ നന്നായിരിക്കും.

www.malankaralibrary.com

എല്ലാ ശാസ്ത്രവും വ്യത്യസ്ഥ മൂലകങ്ങൾ തമ്മിലുള്ള കാര്യകാരണങ്ങളുടെ ബന്ധങ്ങളാണ്. വാക്കുകൾ തമ്മിൽ ബന്ധിപ്പിച്ച് വാചകങ്ങളാക്കി അർത്ഥം അഥവാ കഥ സൃഷ്ടിക്കുന്നതുപോലെയാണ് ശാസ്ത്രജ്ഞന്മാർ യാഥാർത്ഥ്യങ്ങൾ തമ്മിലുള്ള ബന്ധം യുക്തിയിൽ നിർമ്മിച്ചെടുക്കുന്നത്. കാരണത്തെ (cause) പ്രചോദിക്കുമ്പോൾ കാര്യത്തിലുണ്ടാകുന്ന (effect) മാറ്റം നിരീക്ഷിച്ചുകൊണ്ട്, യുക്തിയിൽ നിർമ്മിച്ച ബന്ധം യാഥാർത്ഥ്യവുമായി പൊരുത്തമുള്ളതാണോയെന്ന് പരീക്ഷണ ശാലയിൽ പരിശോധിച്ച് യുക്തിയിൽ കണ്ടത് ശരിയാണെന്ന് ഉറപ്പിക്കുന്നതാണ് ഗവേഷണം. അതുകൊണ്ട് എല്ലാ പഠനവും വ്യത്യസ്ഥ യാഥാർത്ഥ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങളുടെ പഠനമാണ്. ഈ ബന്ധത്തെക്കുറിച്ചുള്ള ആദ്യ അറിവ് മാതാവും പിതാവും തമ്മിലുള്ള ബന്ധമാണ്. ബന്ധങ്ങളിൽ ജീവിക്കുന്നവരുടെ അസ്തിത്വത്തിന്റെ ഉള്ളിൽ ബന്ധങ്ങളുടെ പ്രതിബിംബം (mirror image) രൂപം കൊള്ളുന്നു. ഒരു വ്യക്തി ഈ ബന്ധത്തെ അംഗീകരിക്കുന്നതിലൂടെയാണ് വൈകാരിക പക്വത (emotional maturity) രൂപം കൊള്ളുന്നത്. കുഞ്ഞ് ചിരിക്കുമ്പോൾ അമ്മ ചിരിക്കുന്നു. കുഞ്ഞ് കരയുമ്പോൾ അമ്മ കരയുന്നു. ഇത്തരത്തിൽ സന്തോഷം, ദു:ഖം എന്നിവ പങ്കുവെയ്ക്കപ്പെടുന്നതിന്റെ കേന്ദ്രം മാതാപിതാക്കളാണ്. Blood is thicker than water എന്ന് പ്ലാറ്റോ ഉന്നയിക്കുന്നത് മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തെയാണ്. അമ്മ അപ്പനെ ചൂണ്ടിക്കാണിക്കുന്നു. അപ്പൻ ഗുരുവിനെ ചൂണ്ടുക്കാണിക്കുന്നു, ഗുരു സത്യത്തെ ചൂണ്ടികാണിക്കുന്നു. മാതാവും പിതാവും ഗുരുവും വ്യത്യസ്ഥ ചിഹ്നങ്ങളാണ് (signs). ചിഹ്നങ്ങൾ ചൂണ്ടുപലകകളാണ്. അമ്മയ്ക്ക് ചൂണ്ടികാണിക്കാൻ കുട്ടിയുടെ കാരണമായ അപ്പനില്ലെങ്കിൽ ചിഹ്നത്തിനും (signs) ഗ്രന്ഥത്തിനും (Text) പുറത്ത് അർത്ഥം തിരയുന്ന സ്വഭാവം നഷ്ടപ്പെടുകയും ഗ്രന്ഥത്തിനു പുറത്ത് അർത്ഥമില്ല എന്ന വാദത്തിലേക്ക് മനുഷ്യൻ ചുരുങ്ങുകയും ചെയ്യുന്നു.

മാതാപിതാക്കളാൽ കുഞ്ഞ് ഉപേക്ഷിക്കപ്പെട്ടാൽ കരയുമ്പോൾ കരയാനും ചിരിക്കുമ്പോൾ ചിരിക്കാനും ആരെയും കണ്ടെത്താൻ കഴിയില്ല. കരയുമ്പോൾ കൂടെ കരഞ്ഞാൽ കരയുന്നവന്റെ ദു:ഖം പകുതിയാകും. ചിരിക്കുമ്പോൾ കൂടെ ചിരിച്ചാൽ ചിരിക്കുന്നവന്റെ സന്തോഷം ഇരട്ടിയാകും. ഇത്തരത്തിൽ പങ്കുവെയ്ക്കപ്പെടാത്ത ദു:ഖവും, സന്തോഷവും മനുഷ്യന്റെ ആനന്ദത്തെ ഇല്ലാതാക്കുകയും ഈ ആനന്ദം തേടാൻ മനുഷ്യൻ മദ്യം, മയക്കുമരുന്ന്, ലൈംഗിക സുഖോത്തേജക മാർഗ്ഗങ്ങൾ, അമിത ഭക്ഷണം, അധികാര പ്രമത്തത എന്നിവ ഉപയോഗിക്കുന്നു. അതുകൊണ്ട് മുലകുടി മാറിയാൽ കുഞ്ഞിനെ സർക്കാർ വളർത്തുകയെന്ന പ്ലാറ്റോണിക് കമ്മ്യൂണിസ്റ്റ് പരീക്ഷണങ്ങൾ പരാജയപ്പെടും.

കരയുന്നവരോടുകൂടി കരയുകയും, ചിരിക്കുന്നവരോടുകൂടി ചിരിക്കുകയും ചെയ്തുകൊണ്ട് മാതാപിതാക്കൾ ശിശുവിൽ സൃഷ്ടിക്കുന്ന വൈകാരിക പക്വതയിലൂടെയാണ് ശൈശവത്തിൽ ഭാഷയും സംസ്കാരവും സന്നിവേശിപ്പിക്കുന്നത്. വൈകാരിക പക്വതയില്ലാത്ത മനുഷ്യർക്ക് സാംസ്കാരിക സന്നിവേശങ്ങൾ അടിച്ചമർത്തലായി അനുഭവപ്പെടുന്നു. പരിശീലനങ്ങളെ അത്തരം വ്യക്തികൾ വെറുക്കുന്നു.

www.malankaralibrary.com

അതുകൊണ്ട് മാതാവും പിതാവും സൃഷ്ടക്കുന്ന അടിത്തറയില്ലാതെ ശിശുവിനെ പൂർണ്ണ വളർച്ചയിലെത്തിക്കുന്ന വയറ്റാട്ടിയായി മാറാൻ ഗുരുക്കൻമാർക്ക് കഴിയാതെ പോകുന്നു. അതുകൊണ്ട് അക്ഷരമാല പഠിക്കാനും, വ്യാകരണം പഠിക്കാനും, ക്ലാസിൽ അച്ചടക്കം പാലിക്കാനും ഒരു പഠിതാവിന് കഴിയുന്നില്ലെങ്കിൽ അതിന്റെ മാനസികവും, വൈകാരികവും, ബുദ്ധിപരവുമായ വൈകല്യങ്ങളും വ്യത്യാസങ്ങളും തിരിച്ചറിഞ്ഞ് ചികിത്സിക്കുകയാണ് ചെയ്യേണ്ടത്.

മാതാപിതാക്കൾ ഉപേക്ഷിച്ച് അനാഥാലയങ്ങളിൽ താമസിക്കുന്ന കുട്ടികളുടെ വൈകാരിക വളർച്ച സൃഷ്ടിക്കുന്ന പ്രശ്നങ്ങളാണ് അവരുടെ പഠനത്തിന് വിഘാത മാകുന്നത്.

അതുകൊണ്ട് മാതാപിതാക്കൾ സൃഷ്ടിക്കുന്ന വൈകാരിക പക്വതയും, ശിശു ക്കൾ മാതാപിതാക്കളിൽ നിന്ന് അനുകരണത്തിലൂടെ സ്വീകരിച്ചിട്ടുള്ള ഭാഷാവ്യവ സ്ഥയും, കുട്ടികളെ കേൾപ്പിക്കുകയം പരിശീലിപ്പക്കുകയും ചെയ്യുന്ന സംഗീതം, പിള്ളപ്പാട്ടുകൾ, കഥകൾ മുതലായവയിലൂടെ രൂപപ്പെടുന്ന നിഘണ്ടുവും. കഥാ ഘടനയും, താളബോധവുമെല്ലാം ചേർന്ന അടിത്തറയിലാണ് ഗുരുക്കൻമാർ കുട്ടിയെ വിവിധ വിഷയങ്ങളിലേക്ക് പ്രവേശിക്കുന്നത്. പത്ത് വയസ്സിനുള്ളിൽ വായിക്കാനും, ഗ്രഹിക്കാനും, 15 വയസ്സിനുള്ളിൽ വായിച്ച് സംഗ്രഹിച്ചെഴുതാനും, 18 വയസ്സിനു ള്ളിൽ സ്വയം വായിച്ച് സംഗ്രഹിച്ച് രചിക്കാനും അറിയുന്നവർക്ക് മാത്രമേ ഉന്നതവി ദ്യാഭ്യാസത്തിനുള്ള യോഗ്യതയുള്ളൂ. മറ്റാരുടേയും സഹായം കൂടാതെ സ്വയം വ്യത്യസ്ഥ വിഷയങ്ങൾ പഠിച്ചുവളരുവാൻ 12-ാം ക്ലാസുകഴിയുന്ന വിദ്യാർത്ഥിക്ക് കഴി യുന്നില്ലെങ്കിൽ അവന് ഉന്നത വിദ്യാഭ്യാസ പഠനയോഗ്യതയില്ലെന്നാണർത്ഥം. കേൾവി, സംസാരം, വായന, എഴുത്ത് എന്നീ നാല് അടിത്തറകളിൽ ഏതെങ്കിലും ഒന്ന് നഷ്ടപ്പെടുമ്പോൾ പഠനം തകർന്നുപോകുന്നു. കേൾവി, സംസാരം എന്നിവ യിൽ നിന്ന് വായന എഴുത്ത് എന്നിവയിലേക്കുള്ള പാലമായ ലിപി, വാക്ക്, വാചകം, വ്യാകരണം എന്നിവയുടെ തകർച്ച കേരളത്തിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ നില വാരം തകർത്തിരിക്കുന്നു. ഇക്കാര്യം സർക്കാർ അടിയന്തിര പ്രാധാന്യത്തോടെ പരിഗ ണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സ്കൂൾ നടത്തുന്ന മാനേജർമാർ ഇത്തരം കാര്യ ങ്ങളൊന്നും ഞങ്ങൾക്കറിയേണ്ട എന്ന രീതിയിൽ പെരുമാറുന്നത് പൊറുക്കാനാ വാത്ത തെറ്റാണ്. വിഷയങ്ങൾ വിദ്യാർത്ഥികൾക്ക് ഫലപ്രദമായി സന്നിവേശിക്കപ്പെ ടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് ഗുണപ്രദമായ സ്കൂൾ ഭരണത്തിന്റെ (quality in school governance ) ഭാഗമാണെന്ന് സ്കൂൾ മാനേജർമാർ തിരിച്ചയറിയാത്തത് നാടിന്റെ നാശത്തിന് കാരണമാകും.